**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 737** **02-02-2023 - ൽ മറുപടിയ്ക്ക്**

**ഒറ്റശേഖരമംഗലം കേന്ദ്രമാക്കി സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ ആര്യൻകോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ അറിയിക്കാമോ; | (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ ആര്യൻകോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി രണ്ടു ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ഒരു 33 kV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി മൂന്ന് സ്ഥലങ്ങൾ ഒറ്റശേഖരമംഗലത്ത് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ നിന്ന് സബ്സ്റ്റേഷൻ സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; സബ്സ്റ്റേഷന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ RDSS-ന്റെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക്, ഒറ്റശേഖരമംഗലത്തു കണ്ടെത്തിയ മൂന്ന് സ്ഥലങ്ങളിൽ നിന്ന് സബ്സ്റ്റേഷൻ സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം ഏറ്റെടുത്ത് നിർമ്മാണം ആരംഭിക്കുന്നതാണ്. സബ്സ്റ്റേഷൻ നിർമ്മാണത്തിന് ഏകദേശം 23.25 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ